"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ബോർഡിന്റെ **PAN** രജിസ്ട്രേഷനിലെയും നിലവിലെ ഇൻകം ടാക്സ് ഇളവിലെയും അപാകതകൾ പരിഹരിച്ച് പുതുക്കിയ ഇളവ് ലഭ്യമാക്കുന്നത് - ബോർഡിന്റെ ഓഡിറ്റർക്കൊപ്പം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്, **(CBDT)** ന്യൂഡൽഹിയിൽ നേരിട്ട് പോകുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത് പി. മനോഹർ-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**278/2026/LBR** തീയതി,തിരുവനന്തപുരം, **25-02-2026**

---

പരാമർശം:-
1. **16/02/2019**-ലെ സ.ഉ.(സാധാ) നമ്പർ **12/2019**/ധന.
2. **10/02/2021**-ലെ സ.ഉ.(അച്ചടി) നമ്പർ **27/2021**/ധന.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **30/01/2026**-ലെ **TWWFB/CEO/711/2024-B4** നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് നിലവിൽ ലഭിച്ചിട്ടുള്ള ഇൻകം ടാക്സ് ആക്ട് സെക്ഷൻ **10(23C)** പ്രകാരമുള്ള ഇളവിന്റെ കാലാവധി (അഞ്ചു വർഷം) **31/03/2026**-ൽ അവസാനിക്കുന്നതിനാൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് പുതുക്കിയ ഇളവ് ലഭ്യമാക്കുന്നതോടൊപ്പം **1961**-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ **10(46)** പ്രകാരം കൂടി നികുതി ഇളവ് ലഭ്യമാക്കുന്നതിന് ബോർഡിന്റെ ഓഡിറ്റർക്ക് നിർദ്ദേശം നൽകിയതിൽ, നിലവിൽ ബോർഡിന് ലഭിച്ചിട്ടുള്ള ഇളവിലും ബോർഡിന്റെ പാൻ രജിസ്റ്റർ ചെയ്തിരിക്കുന്നതിലുമുള്ള അപാകതകൾ പരിഹരിച്ച് ഇൻകം ടാക്സ് ഇളവ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് **(CBDT)**, ന്യൂഡൽഹിയിൽ നേരിട്ട് അന്വേഷിക്കുന്നതിനായി ഓഡിറ്റർക്കൊപ്പം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടി പോകേണ്ടതുണ്ടെന്ന് ഓഡിറ്റ് സ്ഥാപനത്തിൽ നിന്നും അറിയിച്ചതിന്റെയും **28/01/2026**-ലെ ബോർഡ് യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത് പി. മനോഹറിന് (ശമ്പള സ്കെയിൽ **112800-163400)** വിമാന മാർഗ്ഗം ന്യൂഡൽഹിയിൽ പോകുന്നതിനുള്ള അനുമതി

നൽകണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ PAN രജിസ്ട്രേഷനിലെ അപാകതകൾ പരിഹരിച്ച്, ഇൻകം ടാക്സ് നിയമപ്രകാരം ബോർഡിന് ബാധകമാവുന്ന ഇളവ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്, ബോർഡിന്റെ ഓഡിറ്റർക്കൊപ്പം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (CBDT), ന്യൂഡൽഹിയിൽ നേരിട്ട് പോകുന്നതിനായി, ന്യൂഡൽഹിയിലേയ്ക്കും തിരിച്ചും വിമാനമാർഗ്ഗം യാത്ര ചെയ്യുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത് പി. മനോഹറിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നിയമാനുസൃതമായ യാത്രാപ്പടി കൈപ്പറ്റുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അർഹതയുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രഞ്ജിത്ത് പി. മനോഹർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കായി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/26/2026-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 25-02-2026 14:46:45
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്